# Njavallil
# KUDUMBA CHARITRAM

A PUBLICATION OF

**NJAVALLIL KUDUMBAYOGAM**

JANUARY 2010

# Njavallil Kudumba Charithram





*A Publication of*
*Njavallil Kudumbayogam*
*January 2010*

*Grqphics & Layout*
*St. Thomas Graphics, Pala*

*Printed At:*
*St. Thomas Offset Printers, Pala*
*Ph: 04822-212321*

*(For Private Circulation Only)*

*Rs. 180/-*


St. Thomas

# സമർപ്പണം

ഞാവള്ളിൽ കുടുംബത്തിലെ
മൺമറഞ്ഞുപോയ
ആദരണീയരായ പൂർവ്വികരുടെ
ധന്യസ്മരണയ്ക്കു മുമ്പിൽ
ആദരാഞ്ജലികളോടെ
'ഞാവള്ളിൽ കുടുംബചരിത്രം'
സമർപ്പിക്കുന്നു.







The Holy Father Benedict XVI
cordially imparts the requested
Apostolic Blessing to the

Njavallil Family

invoking abundant divine graces

Ex Aedibus Vaticanis, die 27 . IV . 2009



Félix del Blanco Prieto
Archiepiscopus
Eleemosynarius Summi Pontificis







# ആശംസ

മാർച്ച് 30, 2009

ഞാവള്ളിൽ കുടുംബയോഗം അതിന്റെ സമഗ്രമായ ഒരു ചരിത്രം പ്രസിദ്ധീകരിക്കുതിൽ ഞാൻ സന്തോഷിക്കുന്നു. സഭയുടേയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമാണ് കുടുംബം. ഓരോ കുടുംബവും തലമുറകളിലൂടെ കൈമാറുന്ന തനിമയും നല്ല പൈതൃകവും ഓരോ കുടുംബത്തിന്റെയും സമ്പത്താണ്. തങ്ങളുടെ കുടുംബത്തിന്റെ ഉത്ഭവവും ചരിത്രവും പൗരാണികത്വവും ആഴമായി അറിയുന്നതുവഴി തങ്ങളുടെ പൂർവ്വികർ കടന്നുപോയ പാതകളിൽ അവർക്ക് ലഭിച്ച ദൈവപരിപാലനയെക്കുറിച്ച് അറിയുന്നതിനും ആ പരിപാലനയിൽ ആശ്രയിച്ച് സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുന്നതിനും ഇന്നത്തെ തലമുറയ്ക്ക് സാധിക്കും. ഞാവള്ളിൽ കുടുംബചരിത്രം അതിനു സഹായകമാകട്ടെ.

ഈ കുടുംബചരിത്രഗ്രന്ഥം തയ്യാറാക്കുന്നതിന് പരിശ്രമിച്ച എല്ലാവരേയും അഭിനന്ദിക്കുന്നു.

+ Varkey Vithayathil

**+ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ**

മേജർ ആർച്ച് ബിഷപ്,

എറണാകുളം - അങ്കമാലി



BISHOP'S HOUSE,
P. B. No. 18,
PALAI - 686 575,
KERALA, S. INDIA
Phone : 04822 212216, 212217, 214338
Fax : 04822 211379
E-mail : aramanapala@sancharnet.in

# ആശംസ

പല നൂറ്റാണ്ടുകളുടെ പാരമ്പര്യവും പഴക്കവുമുള്ള ഞാവള്ളിൽ തറവാടിന്റെ ചരിത്രം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ സന്തോഷിക്കുന്നു.

ചരിത്രപഠനങ്ങളുടെ പ്രസക്തി വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാമിന്ന് ജീവിക്കുന്നത്. ചരിത്രാവബോധത്തിന്റെ അഭാവമാണ് ഇന്നത്തെ പല പ്രതിസന്ധികളുടെയും കാരണം. സമ്പന്നമായ നമ്മുടെ വിശ്വാസപാരമ്പര്യത്തിന്റെയും ക്രൈസ്തവസാക്ഷ്യത്തിന്റെയും ചരിത്രം കഴിഞ്ഞ കാലത്തിൽനിന്ന് രൂപപ്പെടുത്തിയെടുക്കുക എന്നത് ശ്രമകരമായ ഒരു ദൗത്യമാണ്. ചരിത്രരേഖകൾക്ക് പുറമെ പാരമ്പര്യങ്ങളുടെയും വായ്മൊഴിയുടെയും പിൻബലത്തിലൂടെ മാത്രമേ കഴിഞ്ഞകാലത്തെക്കുറിച്ച് നമുക്ക് അറിയാൻ കഴിയുകയുള്ളൂ. ഈ ചരിത്രഗ്രന്ഥം കുടുംബാംഗങ്ങൾ പരസ്പരം അറിയുന്നതിനും അതുവഴി സ്നേഹത്തിൽ ഒന്നാകുന്നതിനും ഇടയാകണം. കഴിഞ്ഞകാല തലമുറയ്ക്ക് പൈതൃകമായി ലഭിച്ച വിശ്വാസത്തെ പിൻതലമുറയ്ക്ക് പകർന്നുനല്കിയത് എങ്ങനെയെന്ന് നാം പ്രത്യേകം പഠിക്കേണ്ടതുണ്ട്. നമുക്ക് പിന്നാലെ വരുന്ന തലമുറ നമ്മിൽനിന്നും ചിലത് പ്രതീക്ഷിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. പൂർവ്വികരിൽനിന്ന് കൈമാറിവരുന്ന വിശ്വാസപാരമ്പര്യം വരുന്ന തലമുറയ്ക്ക് കൈമാറുന്ന കണ്ണിയായി ഈ ചരിത്രഗ്രന്ഥം വർത്തിക്കട്ടെ.

കഠിന പ്രയത്നത്തിലൂടെ പിറവികൊള്ളുന്ന ഈ ചരിത്രഗ്രന്ഥം ഏവർക്കും പ്രിയങ്കരമാവട്ടെ. എല്ലാവർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

പി. ജെ. ജോസഫ്
പൊതുമരാമത്ത് വകുപ്പുമന്ത്രി

ടെലിഫോൺ: 04712333350
2333670
2319238 (R)
തിരുവനന്തപുരം

തീയതി.......................



# ആശംസ

കേരളസഭയിലെ അതിപുരാതന കത്തോലിക്കാ കുടുംബങ്ങളിൽ ഒന്നായ ഞാവള്ളിൽ കുടുംബത്തിന്റെ ചരിത്രം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെയേറെ സന്തോഷവും അഭിമാനവും ഉണ്ട്.

ഞാവള്ളിൽ പുത്തൻപുരയ്ക്കൽ തറവാട്ടിലെ ശാഖയായ ഞാവള്ളി കണ്ണംകുളം കുടുംബമാണ് എന്റെ അമ്മയുടെയും വല്യമ്മച്ചിയുടെയും ജന്മഗൃഹം. പ്രേഷിത, അല്മായ, സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ധാരാളം മഹത്വ്യക്തികളെ സംഭാവന ചെയ്യുവാൻ ഞാവള്ളിൽ കുടുംബത്തിന് സാധിച്ചിട്ടുണ്ട്. ദൈവകൃപ സമൃദ്ധമായി ലഭിച്ച ഞാവള്ളിൽ കുടുംബം സഭയ്ക്കും നാടിനും ഒരു മുതൽക്കൂട്ടാണ്. ഈ വേളയിൽ കുടുംബാംഗങ്ങളെല്ലാവർക്കും എന്റെ എല്ലാവിധ നന്മകളും നേരുന്നു.

സ്നേഹപൂർവ്വം,

പി. ജെ. ജോസഫ്

K. M. Mani
(Pala)
Member
Kerala legislative Assembly

Karingozhackal House
Pala P.O., Kottayam
Phone: 0482-2215471
0471-2512354



# ആശംസ

1002-ാമാണ്ട് ജൂലൈ 3-ാം തീയതി സ്ഥാപിതമായ (പാലാ രൂപതയുടെ ജന്മം മുതൽ കത്തീഡ്രൽ) പാലാ പള്ളിയുടെ 4 സ്ഥാപക കുടുംബങ്ങളിൽ മുന്നിട്ട് നിന്ന് അതിന്റെ സ്ഥാപന നിർമ്മാണത്തിൽ സജീവമായ നേതൃത്വം കൊടുത്ത തറയിൽ കുടുംബത്തിന്റെ ഒരു പ്രധാനശാഖയായ ഞാവള്ളിൽ കുടുംബത്തിന്റെ ചരിത്രം ഗ്രന്ഥരൂപത്തിലാക്കി പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ കുടുംബത്തിന്റെ 9 പ്രധാന ശാഖകളും അതിന്റെ ഉപശാഖകളും ഉൾപ്പെടെ 40 ശാഖാകുടുംബങ്ങൾക്കും കൂടി 1400 റിൽപരം കുടുംബയൂണിറ്റുകൾ ഉണ്ടെന്നും, അവയുടെ ഒരു സമ്പൂർണ്ണ കുടുംബ ഡയറക്ടറി "ഞാവള്ളിൽ ഫാമിലി ഡയറക്ടറി" എന്ന പേരിൽ ഏതാനും വർഷങ്ങൾക്ക് മുമ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നു.

ഇത്ര വിപുലവും പ്രബലവുമായ ഒരു കുടുംബത്തിന്റെ ചരിത്ര രചനയ്ക്ക് മുതിരുന്നതുതന്നെ കുറച്ച് സാഹസികമായി എനിക്ക് തോന്നുന്നു. ഏതായാലും വളരെ പഴക്കമായ അതിന്റെ വേരുകൾ തേടിപ്പിടിച്ച് അതിന്റെ ചരിത്രം സരസമായും വസ്തുനിഷ്ഠമായും ഗ്രന്ഥരൂപത്തിലാക്കിയതിൽ ഭരണസമിതിയെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കട്ടെ.

എനിക്ക് ഈ കുടുംബത്തിലെ ഏതാണ്ട് എല്ലാ ഭവനങ്ങളുമായും അടുത്ത ബന്ധം പാലിക്കാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ധാരാളം കന്യാസ്ത്രീകളും നിരവധി വൈദികരും ഇന്നും സജീവമായി ഏതാണ്ട് ആഗോള വ്യാപകമയി സഭയ്ക്കും, സമൂഹത്തിനും വേണ്ടി സേവനനിരതരായി വർത്തിക്കുന്നുണ്ടെന്ന് അറിയുമ്പോൾ, കുടുംബത്തിന് സഭയോടും സമുദായത്തോടുമുള്ള പ്രതിബദ്ധതയുടെ ആഴം മനസ്സിലാക്കാവുന്നതേയുള്ളൂ.

പരമ്പരാഗതമായി ഞാവള്ളിക്കാർ നല്ല മാതൃകാ കൃഷിക്കാരാണെങ്കിലും, ജീവിതത്തിന്റെ എല്ലാ തുറകളിലും അവർ സ്തുത്യർഹമായി സത്യനീതി ധർമ്മാദി മൂല്യങ്ങൾക്ക് വലിയ പ്രാധാന്യം നൽകി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

പൈതൃക സ്വത്തായി ലഭിച്ചിരിക്കുന്ന എല്ലാ ജീവിത മൂല്യങ്ങളും നല്ല പാരമ്പര്യങ്ങളും അതിന്റെ തനിമയിൽതന്നെ നിലനിർത്തി, ഇന്നത്തെ തലമുറയ്ക്കും, നാളത്തെ തലമുറയ്ക്കും പ്രയോജകീഭവിക്കത്തക്കനിലയിൽ ഈ കുടുംബചരിത്രം ഈ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും പ്രകാശഗോപുരമായി, വഴികാട്ടിയായി, അനവരതം പ്രശോഭിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

കെ. എം. മാണി എം. എൽ. എ.
മുൻ മന്ത്രി, കേരള ഗവൺമെന്റ്

പാലാ
01/08/09



**P.C. Cyriac B.Sc. Engg. I.A.S.**
*Addl. Chief Secretary to Govt. of TamilNadu (Retd.)*
*28/3551, Water Front Enclave*
*Kochi - 20*

## ആശംസ

*"You don't choose your family. They are God's gifts to you as you are to them" (Bishop Tutu)*

എന്റെ മാതൃഭവനമായ ഞാവള്ളിൽ കുടുംബത്തിന്റെ ചരിത്രം പ്രസിദ്ധീകരിക്കുന്നതറിഞ്ഞ് ആഹ്ലാദിക്കുന്നു; അഭിമാനം കൊള്ളുന്നു. 2000 കൊല്ലം മുമ്പ് വി. തോമാശ്ലീഹായിൽനിന്നുതന്നെ ക്രൈസ്തവ ധർമ്മത്തെപ്പറ്റി അറിയാനും അതിനെ ആശ്ലേഷിക്കാനും ഭാഗ്യം സിദ്ധിച്ച പൂർവ്വികർ കൈമാറിയ വിശ്വാസദീപം ഇന്നാൾവരെ അണയാതെ കാത്തുസൂക്ഷിക്കാൻ കഴിഞ്ഞതുതന്നെ വലിയ കാര്യം. നീണ്ട 20 നൂറ്റാണ്ടുകളിൽ ഉയർന്നുവന്നത്, ശക്തവും അപകടകരവുമായ എത്രയെത്ര പ്രതിസന്ധികൾ, വെല്ലുവിളികൾ, പരീക്ഷണഘട്ടങ്ങൾ, പ്രതിബന്ധങ്ങൾ. അവയെ എല്ലാം വിജയകരമായി തരണംചെയ്ത്, ഇന്ന്, ശാസ്ത്രവും സാങ്കേതിക ശാസ്ത്രവും കൂടി അത്ഭുതകരമായ കുതിച്ചുചാട്ടങ്ങൾക്ക് തയ്യാറെടുക്കുന്ന 21-ാം നൂറ്റാണ്ടിലേക്ക്, നമ്മെയെല്ലാം സുരക്ഷിതരായി എത്തിച്ചിരിക്കുന്ന നമ്മുടെ മുൻകാല കാരണവന്മാർക്കെല്ലാം ആദ്യമായി നാം നന്ദി പ്രകാശിപ്പിക്കുക. മൺമറഞ്ഞ അവർക്കെല്ലാം നിത്യശാന്തി ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുക.

പ്രശസ്തരും പ്രഗത്ഭരുമായ അനേകം ധിഷണാശാലികളെ രാജ്യത്തിനും കേരളസഭയ്ക്കും പ്രദാനം ചെയ്യാൻ ഈ കുടുംബത്തിനു സാധിച്ചു. ഭാഗ്യസ്മരണാർഹരായിരുന്ന റവ. ഫാ. അലക്സാണ്ടർ ചേനക്കാലായിൽ, റവ. ഫാ. ജോൺ വിയാനി കാടൻകാവിൽ, റവ. ഫാ. കൊളംബിയർ കയത്തിൻകര, റവ. ഡോ. ജോസഫ് തെക്കേൽ, റവ. ഡോ. ജോർജ് വലിയകൂന്താനം തുടങ്ങിയ വൈദിക വരേണ്യർ ഈ കുടുംബത്തിന്റെ അംഗങ്ങളാണ്. ദിവാൻ സർ സി.പി. ഭരിച്ചിരുന്ന കാലത്ത് നിയമസഭാ മെമ്പർ എന്ന നിലയിൽ ദിവാന്റെ ദുർഭരണത്തിനെതിരെ ശക്തമായ നിലപാടു സ്വീകരിക്കുകയും തന്റെ മരണംവരെ അഖിലകേരള കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റായി സേവനമനുഷ്ഠിക്കുകയും ചെയ്ത പ്രഗത്ഭ അഭിഭാഷകൻ അഡ്വ. കെ.സി. ചാണ്ടി കോട്ടവാതുക്കൽ, എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ, കൊച്ചി-കോഴിക്കോട് സർവ്വകലാശാലകളുടെ പ്രോ-വൈസ് ചാൻസലർ, കത്തോലിക്കാ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷൻ

എന്നീ പദവികൾ അലങ്കരിച്ച് മറ്റനേകം തുറകളിലും വ്യക്തിമുദ്ര പതിപ്പിച്ച ഷെവ. കെ.സി. ചാക്കോ കാടൻകാവിൽ (പ്രചോദനാത്മകമായ പ്രോത്സാഹനം നൽകിയനുഗ്രഹിച്ച എന്റെ ഗുരുനാഥനെ നന്ദിപൂർവ്വം ഓർമ്മിക്കട്ടെ!) എന്നിവർ ഈ കുടുംബത്തിലെ വിശിഷ്ടാംഗങ്ങളിൽ ചിലർ മാത്രമാണ്.

ഈ കുടുംബത്തിൽ പിറന്നുവളർന്ന് ഇന്ന് വൈദികരും കന്യാസ്ത്രീകളുമായി, നിസ്വാർത്ഥസേവനം നൽകുന്നവരുടെ എണ്ണം എത്ര വലുതാണ്! തറവാടിന്റെ പാരമ്പര്യവിശുദ്ധിയും അംഗങ്ങളുടെ ദൈവവിശ്വാസത്തിലുറച്ച ജീവിതശൈലിയുമല്ലേ, ഇത് തെളിയിക്കുന്നത്? മൂല്യാധിഷ്ഠിതമായ ജീവിതരീതി ഈ കുടുംബത്തിന്റെ മുഖമുദ്രയായി പരിരക്ഷിച്ചത് ആരാണെന്നോ? മിക്കപ്പോഴും തിരശ്ശീലയ്ക്കു പിന്നിൽ നിന്നുകൊണ്ടുതന്നെ നിശ്ശബ്ദമായി പ്രവർത്തിച്ച നമ്മുടെ വല്യമ്മച്ചിമാരും അമ്മമാരും! അതെ, സ്വന്തം സുഖസൗകര്യങ്ങൾ മറന്ന് കുടുംബാംഗങ്ങൾക്കും കുടുംബഭദ്രതയ്ക്കും വേണ്ടി മാത്രം പാടുപെട്ട ആ സ്നേഹനിധികളായ അമ്മമാരെ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ അനുസ്മരിക്കാം. അവരുടെ അനുഗ്രഹാശ്ശിസ്സുകൾ എന്നും നമ്മോടൊപ്പമുണ്ടാകട്ടെ!

ഇന്ന് വാണിജ്യവൽക്കരണത്തിന്റെ സമ്മർദ്ദങ്ങൾക്കടിമപ്പെട്ട് ഭൗതികസുഖസൗകര്യങ്ങൾക്കും പണത്തിനുംവേണ്ടി നെട്ടോട്ടമോടുന്നു ലോകവും സമൂഹവും. മൂല്യങ്ങൾ നഷ്ടപ്പെടുന്നതോടെ, മാനുഷിക ബന്ധങ്ങളും മൃദുലവികാരങ്ങളും കടമകളും കടപ്പാടുകളും നാം മറന്നുകളയുന്നു. സ്വാർത്ഥത കൊടികുത്തി വാഴുന്നു. അക്രമസമരങ്ങളും അഴിമതിയും ഭീകരപ്രവർത്തനവുമെല്ലാം ന്യായീകരിക്കപ്പെടുന്നു; അവ പെരുകുന്നു. ഈ വിഷമസന്ധിയിൽ പരമ്പരാഗത മൂല്യങ്ങളെ മുറുകെപ്പിടിക്കുന്ന, കുട്ടികളെ അച്ചടക്കത്തോടെ വളർത്തുന്ന, ലോകം മുഴുവൻ നേടിയാലും ആത്മാവുനശിച്ചാൽ എന്തു ഫലമെന്ന് നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്ന കുടുംബങ്ങളും അവ നൽകുന്ന വിശുദ്ധിയുടെ അന്തരീക്ഷവുമാണ് നമുക്കാവശ്യം.

ഞാവള്ളിക്കുടുംബത്തിന്റെ ചരിത്രത്തിന്റെ വായന, ഇത്തരമൊരന്തരീക്ഷം കേരളത്തിലെ കുടുംബസദസ്സുകളിൽ വളർത്തിയെടുക്കാൻ സഹായകരമായി ഭവിക്കട്ടെ! ഞാവള്ളിക്കുടുംബാംഗങ്ങളുടെ എല്ലാ സമാരംഭങ്ങളും പരിശ്രമങ്ങളും വിജയകരമായിത്തീരട്ടെ! അവരുടെ സ്വപ്നങ്ങൾ പൂവണിയട്ടെ! സേവനത്തിന്റെ മഹനീയ പാരമ്പര്യം തുടർന്നുകൊണ്ടു പോകാൻ ദൈവം അവരെ ശക്തരാക്കട്ടെ!

(Sd/-)

*Ernakulam,*
*2.12.2009*

**പി. സി. സിറിയക്ക്**

## രക്ഷാധികാരി



റവ. ഡോ. തോമസ് കാടൻകാവിൽ CMI

## മുൻ രക്ഷാധികാരികൾ



റവ. ഫാ. ജോസഫ് മംഗലത്ത് CMI



റവ. ഫാ. തോമസ് ഞാവള്ളിൽ

# ഭരണസമിതി



**കെ. കെ. സിറിയക്**
പ്രസിഡന്റ്



**ലാലി സിറിയക് ചേനക്കാലായിൽ**
വൈസ് പ്രസിഡന്റ്



**അലക്സ് കെ.സി. കൂന്താനം**
ജനറൽ സെക്രട്ടറി



ജോസഫ് സിറിയക്
ഞാവള്ളിൽ തെക്കേൽ
ട്രഷറർ



അഡ്വ. സെബി ചെറിയാൻ,
വിലങ്ങുപാറ
ജോയിന്റ് സെക്രട്ടറി



അഗസ്റ്റിൻ ജോസഫ് ആണ്ടൂക്കുന്നേൽ
പ്രഥമ സെക്രട്ടറി



എം.എം. ജോസഫ് മംഗലത്തിൽ
മുൻ സെക്രട്ടറി



കുര്യാച്ചൻ
മഞ്ഞക്കുന്നേൽ



മാനുവേൽ
പുത്തൻപുരയിൽ



കെ. ജെ. ടോമി
കാടൻകാവിൽ



ബേബി വല്ല്യകൂന്താനം



ജോസി ചെറിയാൻ
പഴയിടം



പി.ജെ. ജോസഫ് (അപ്പച്ചൻ)
ഞാവള്ളിൽ



എൻ. കെ. സക്കറിയാസ്
ഞാവള്ളിൽ



ലിനുകുര്യൻ
മഞ്ഞക്കുന്നേൽ



മേരിക്കുട്ടി സക്കറിയാസ്
ഞാവള്ളിൽ

# മുൻ ഭരണസമിതി അംഗങ്ങൾ



ഫ്രാൻസീസ് അലക്സാണ്ടർ
കൈയ്യത്തുകര
മുൻ വൈസ് പ്രസിഡന്റ്




മാണി മാണി
പുത്തൻപുരയിൽ
മുൻ ജോയിന്റ് സെക്രട്ടറി




പി.ജെ. ജോസഫ്
പൊന്നെടുത്താംകുഴിയിൽ
മുൻ ട്രഷറർ


# മുൻ ഭരണസമിതി അംഗങ്ങൾ



Late T.D. ജോസഫ്
തൂണുങ്കൽ



Late K.J. ജോസഫ്
കൂന്താനം



The historical St Thomas Cathedral, Pala founded under the leadership of Tharayil Thomman Mappila one thousand years back (3-7-1002)



# അവതാരിക

ഇവിടെ അനാവരണം ചെയ്യാൻ ശ്രമിക്കുന്ന ഞാവള്ളി തറവാടിന്റെ ചരിത്രമാരംഭിക്കുന്നത് മൈലാടൂരുനിന്ന് ഞാവ ള്ളിൽ വന്നു താമസമാക്കിയ ചെറിയാൻ കുര്യനിൽനിന്നു മാണ്. ഒന്നാം തലമുറക്കാരനായ അദ്ദേഹത്തെപ്പറ്റിയോ രണ്ടാം തലമുറക്കാരായ അദ്ദേഹത്തിന്റെ നാലു മക്കളെപ്പറ്റിയോ ആധി കാരികമായ ചരിത്രരേഖകളൊന്നും നമുക്കു കിട്ടിയിട്ടില്ല. മൂന്നാം തലമുറക്കാരായി വരുന്ന ഒൻപതു മക്കളേയും അവ രുടെ പേരിൽ ഉണ്ടായിട്ടുള്ള ഒൻപതു ശാഖകളേയും സംബ ന്ധിച്ച ചരിത്രവിവരമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

ഈ പുസ്തകത്തിന്റെ ആദ്യ അദ്ധ്യായത്തിൽ വിവരിച്ചി രിക്കുന്ന പൂർവ്വചരിത്രം മൈലാടൂർ കുടുംബചരിത്രത്തിൽ സംക്ഷിപ്തമായി കൊടുത്തിട്ടുണ്ട്. തലമുറകളായി പറഞ്ഞു കേട്ടുവന്ന ഈ കാര്യങ്ങളിൽ അടിസ്ഥാനപരമായി വളരെ വലിയ മാറ്റമുള്ളതായി ഇതുവരെ പുറത്തുവന്ന കുടുംബചരിത്ര ങ്ങളൊന്നും ചൂണ്ടിക്കാണിക്കുന്നില്ല. അതുകൊണ്ട് ഈ ഗ്രന്ഥ നിർമ്മിതിയിലും അടിസ്ഥാനചരിത്രസത്യങ്ങളായി അംഗീകരി ച്ചിരിക്കുന്ന കാര്യങ്ങൾ മേൽസൂചിപ്പിച്ച ഗ്രന്ഥത്തിൽനിന്നും ഇവിടെ ഉദ്ധരിക്കുന്നു.

"തറയിൽ മാപ്പിള പുലിയന്നൂർ ഉണ്ടായിരുന്ന സ്ഥലത്തുനിന്നും പാലാപ്പള്ളിയുടെ അടുത്തുണ്ടായിരുന്ന സ്രാമ്പിക്കൽ എന്ന സ്ഥലത്ത് താമസിക്കുകയും ചെയ്തതോടെ തറയിൽ എന്ന പേര് ഇല്ലാതായി ത്തീർന്നു. ഒരു കുടുംബത്തിലെ അംഗങ്ങൾ മറ്റു സ്ഥല ത്തേക്ക് മാറിത്താമസിക്കുമ്പോൾ ആ പുരയിടനാമ ത്തിൽ അറിയപ്പെടുകയാണല്ലോ പതിവ്. അങ്ങനെ മൂലകുടുംബപ്പേര് പലപ്പോഴും പഴയ രേഖകളിൽ മാത്രം ഒതുങ്ങുനിൽക്കുന്നു."

തറയിൽ തൊമ്മൻ മാപ്പിള പള്ളിയുടെ തെക്കുവശത്തുള്ള ഞരളക്കാട്ട് പുരയിടത്തിലാണ് ആദ്യം താമസിച്ചിരുന്നത് എന്നൊരു പാഠഭേദവുമുണ്ട്. ഞരളക്കാട്ടും സ്രാമ്പിക്കലുമൊക്കെ താമസിച്ചിരുന്നവർ തൊമ്മൻ മാപ്പിളയുടെ സന്താനങ്ങൾ ആണെന്നുള്ള കാര്യത്തിൽ തർക്കമില്ലാത്ത സ്ഥിതിക്ക്, ഈ വിവാദത്തിന് ഒട്ടും പ്രാധാന്യം നൽകേണ്ടതില്ലല്ലൊ.

ക്രമേണ തറയിൽ മാപ്പിളയുടെ പുത്രൻ പള്ളിയുടെ ഏറ്റവും അടുത്ത് തെക്കുവശത്തുള്ള ഞരളക്കാട്ടു കുടുംബത്തിലേക്കു താമസം മാറ്റി. തലമുറകൾ അവിടെ താമസിച്ചു. സമീപകാലത്ത് ഞരളക്കാട്ടെ ഒരു പിൻഗാമി ആ സ്ഥലം വിൽക്കുകയും ചെയ്തു. ഇപ്പോൾ പാലാ രൂപത ആ സ്ഥലം വാങ്ങി പ്രീസ്റ്റ് ഹോം സ്ഥാപിച്ചിരിക്കുന്നു.

തറയിൽ മാപ്പിളയുടെ പരമ്പരയിലെ ഞരളക്കാട്ടു താമസമാക്കിയ കുര്യൻ എന്ന പൂർവ്വികന്റെ ദ്വിതീയപുത്രനായിരുന്ന ചെറിയാൻ ആണ് കുഴിവേലിൽ എന്നും കാപ്പിൽ എന്നുമുള്ള രണ്ടു വീടുകളുടെ ആരംഭം കുറിച്ചത്. ളാലത്ത് (കാപ്പിൽ) ചെറിയാൻ കുര്യൻ എന്നറിയപ്പെട്ടിരുന്ന പ്രസിദ്ധനായ ഈ വന്ദ്യപിതാവാണ് നമ്മുടെ എല്ലാം പിതാമഹൻ" (മൈലാടൂർ ചരിത്രം P. 10).

ഇന്നു കേരളത്തിലും പുറത്തും വിദേശത്തും പല ശാഖകളിലായി പിരിഞ്ഞ് വളർന്നുവികസിച്ചുനിൽക്കുന്ന ഞാവള്ളി തറവാടിന്റെ ചരിത്രനിർമ്മിതിയിൽ അടുത്തു സഹകരിക്കാൻ കഴിഞ്ഞതിൽ എനിക്ക് അനൽപ്പമായ സന്തോഷമുണ്ട്. ഇളംപ്രായത്തിൽത്തന്നെ സന്യാസസഭയിൽ ചേർന്ന എനിക്ക് കുടുംബപശ്ചാത്തലത്തെയും ചരിത്രത്തിലേക്ക് ആണ്ടുകിടക്കുന്ന വേരുകളെയും കുറിച്ച് വേണ്ടത്ര അറിവൊന്നും ഉണ്ടായിരുന്നില്ല. ഇക്കാര്യത്തിൽ എനിക്ക് ഗുരുസ്ഥാനീയനായി തീർന്നത് ശ്രീ. സിറിയക് (വാവച്ചൻ) കാടൻകാവിലാണ്. വ്യക്തിപരമായ ചരിത്രപഠനത്തിനോ, അന്വേഷണത്തിനോ സൗകര്യമോ, സാഹചര്യമോ ഇല്ലാതിരുന്ന എനിക്ക് ഈ മഹാപ്രസ്ഥാനവുമായി ഇടപെടാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ചരിത്രാവബോധമൊന്നുകൊണ്ടു മാത്രമാണെന്ന് പറയേണ്ടിയിരിക്കുന്നു.

ഞാവള്ളി കുടുംബാംഗങ്ങൾ മതരാഷ്ട്രീയസാംസ്കാരിക രംഗത്തും വിദ്യാഭ്യാസരംഗത്തും വിലപ്പെട്ട സംഭാവന ചെയ്തിട്ടുള്ളവരാണ്. അവരുടെ ഇടയിൽനിന്നും നിരവധി ഉത്തമരായ വൈദികരും സന്യാസിനീസന്യാസികളും അദ്ധ്യാപകന്മാരും പൊതുപ്രവർത്തകരും ഉണ്ടായിട്ടുണ്ട്. സഭയേയും രാഷ്ട്രത്തേയും തങ്ങളുടെ സേവനം വഴി ധന്യമാക്കിയവരും ഇന്നും നിസ്തുലമായ സേവനങ്ങൾ ഈ രംഗങ്ങളിലെല്ലാം അർപ്പിച്ച് നമ്മുടെ സമൂഹജീവിതത്തെ സമ്പന്നമാക്കുന്നവരും കൃതജ്ഞതയോടെ അനുസ്മരിക്കപ്പെടേണ്ടവരുമാണ്.

ഈ കുടുംബചരിത്രത്തിനു മുമ്പ് പ്രത്യക്ഷപ്പെട്ടിട്ടുള്ള ചരിത്രഗ്രന്ഥങ്ങളെല്ലാം ഇതിന്റെ പ്രസിദ്ധീകരണത്തിലും മാർഗ്ഗദർശകമായിട്ടുണ്ട്. ഒരു കുടുംബചരിത്രവും പൂർണ്ണമല്ല. ദൈവപിതാവിന്റെ കൂട്ടുകുടുംബത്തിലെ കൊച്ചുകുടുംബങ്ങൾ എന്ന നിലയിലാണ് നമ്മുടെ കുടുംബചരിത്രത്തിനു പൂർണ്ണത ലഭിക്കുക. അതുപോലെ നമ്മുടെ എല്ലാ ബന്ധങ്ങളേയും കണ്ടെത്തി അംഗീകരിച്ചു സ്വീകരിക്കുമ്പോഴാണ് വ്യക്തികളെന്ന രീതിയിൽ കുടുംബാംഗങ്ങളായ നമ്മൾ ഓരോരുത്തരും വളരുക. ഈ ഗ്രന്ഥത്തിന്റെ പ്രസാധനം ഇതിൽ പ്രതിപാദിക്കുന്ന ചരിത്രവുമായി ബന്ധപ്പെട്ടവരേയും ഇതിന്റെ അനുവാചകരേയും വളർച്ചയുടെ മഹത്വത്തിലേക്ക് ആനയിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ അവതാരിക ചുരുക്കുന്നു.

**Dr. Prof. Fr. തോമസ് കാടൻകാവിൽ CMI**

കപ്പാട്
നവംബർ 20, 2009